# Academic Master Plan

2025-2026

തൃശൂർ ജില്ലയിൽ ചാവക്കാട് വിദ്യാഭ്യാസ ഉപജില്ലയിലെ ഒരു അപ്പർ പ്രൈമറി വിദ്യാലയമാണ് സി എം യു പി സ്കൂൾ തൊഴിയൂർ. കോരണേഷൻ മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ എന്നാണ് മുഴുവൻ പേര് .ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

## ചരിത്രം

പൂക്കോട് ഗ്രാമപ്പഞ്ചായത്തത്തിന്റെ വടക്കു ഭാഗത്തായി വടക്കേകാട് പഞ്ചായത്തിനോട് ചേർന്നാണ് തൊഴിയൂർ സി എം യു പി സ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1848 ൽ മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മേലധ്യക്ഷൻ അഭിവന്യ ഗീവർഗീസ് മാർ കൂറിലോസ് രണ്ടാമൻ തിരുമനസ്സ് കൊണ്ടായിരുന്നു ഈ പള്ളി കൂടം സ്ഥാപിച്ചത് ഒന്നാ ക്ലാസ്സ് മുതൽ അഞ്ചാ ക്ലാസ് വരെയായിരുന്നു അന്ന് ഉണ്ടായിരുന്നത്. പിന്നീട് ഇംഗ്ലണ്ടിലെ ജോർജ് അഞ്ചാമൻ ചക്രവർത്തിയുടെ സ്ഥാനാരോഹണത്തെ തുടർന്ന് അദ്ദേഹം ഭാരതത്തിൽ സന്ദർശനം നടത്തിയതിന്റെ ബഹുമാന സൂചകമായി 1911 ൽ ഈ വിദ്യാലയത്തിനു കൊറേണേഷൻ മെമ്മോറിയൽ എലിമെന്ററി സ്കൂൾ എന്ന് നാമകരണം ചെയ്തു. 1936ൽ അഭിവന്യ ഗീവർഗീസ് മാർ കുറിലോസ് മെത്രാപോലീത്ത അഞ്ചാമൻ തിരുമനസു കൊണ്ട് 6 മുതൽ 8 വരെ ക്ലാസ്സുകൾ ഉൾപ്പെടുത്തി .ഈ വിദ്യാലയത്തെ ഒരു ഹയർ എലിമെന്ററി വിദ്യാലയമാക്കി ഉയർത്തി. ഇന്നത്തെ സെൻറ് ജോർജ് ഹൈസ്കൂൾ ആദ്യമായി പ്രവർത്തനം ആരംഭിച്ചതും ഈ വിദ്യാലയത്തിൽ ആയിരുന്നു പിന്നീട് കേരളപിറവിയോടുകൂടി 1 മുതൽ 7 വരെ ക്ലാസ്സോടുകൂടിയ ഇന്നു നിലവിലുള്ള CMUP സ്കൂൾ എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു .




## വിലാസം

സി.എം.യു.പി.എസ് തൊഴിയൂർ

Thozhiyoor പി.ഒ. PIN: 680520 തൃശ്ശൂർ ജില്ല

**സ്ഥാപിതം** 05 - 1848

## വിവരങ്ങൾ

**ഫോൺ:** 0487 2680898

**ഇമെയിൽ:** 24271cmups@gmail.com

## കോഡുകൾ

**സ്കൂൾ കോഡ്:**24271 (സമേതം)

**യുഡൈസ് കോഡ്:**32070306301

**വിക്കിഡാറ്റ:** Q64087974

## വിദ്യാഭ്യാസ ഭരണസംവിധാനം

**റവന്യൂ ജില്ല:** തൃശ്ശൂർ

**വിദ്യാഭ്യാസ ജില്ല:** ചാവക്കാട്

**ഉപജില്ല:**ചാവക്കാട്

## ഭരണസംവിധാനം

**ലോകസഭാമണ്ഡലം:** തൃശ്ശൂർ

**നിയമസഭാമണ്ഡലം:** ഗുരുവായൂർ

**താലൂക്ക്:** ചാവക്കാട്

**ബ്ലോക്ക് പഞ്ചായത്ത്:** ചാവക്കാട്

**തദ്ദേശസ്വയംഭരണസ്ഥാപനം:** ഗുരുവായൂർ

**വാർഡ്:** 1

## സ്കൂൾ ഭരണ വിഭാഗം

**സ്കൂൾ ഭരണ വിഭാഗം:** എയ്ഡഡ്

**സ്കൂൾ വിഭാഗം:** പൊതുവിദ്യാലയം

**പഠന വിഭാഗങ്ങൾ:** എൽ.പി & യു. പി

**സ്കൂൾ തലം:** 1 മുതൽ 7 വരെ

**മാദ്ധ്യമം:** മലയാളം

## സ്ഥിതിവിവരക്കണക്ക്

**ആകെ വിദ്യാർത്ഥികൾ: 187**

**അദ്ധ്യാപകർ: 07**

## സ്കൂൾ നേതൃത്വം

**സ്കൂൾ മാനേജർ : റെവ .ഫാദർ വർഗീസ് വാഴപ്പിള്ളി**

**പ്രധാന അദ്ധ്യാപിക: വിജി വില്യംസ്. ടി**

**പി.ടി.എ. പ്രസിഡണ്ട്: രമേശ് ടി.ബി**

School location View on Google map

Google Map Link: https://maps.app.goo.gl/vQtL7tnYpu6gMssT7

10°38'12.6"N 76°01'50.9"E 10.636821, 76.030806




## Contact Details

- Head Master: VIJI WILLIAMS T
- School  Phone Number : **04872680898**
- School Email: **24271cmups@gmail.com**

## നേട്ടങ്ങൾ

- കമ്പ്യൂട്ടർ ലാബ്
- സയൻസ് ലാബ്
- സ്മാർട്ട് ക്ലാസ്സ് റൂം
- കമ്പ്യൂട്ടർ പരിശീലനം
- ഹിന്ദി ഭാഷാ പഠനം
- അക്കാദമിക് മാസ്റ്റർ പ്ലാൻ
- സ്പോക്കൺ ഇംഗ്ലീഷ്
- കിഡ്സ് പാർക്ക്

## പരിമിതികൾ

- കുട്ടികളുടെആധിക്യത്തിനനുസരിച്ചുള്ളഅധ്യാപകരുടെയും ദൗർലഭ്യം.
- വിഷയങ്ങളിൽ പിന്നോക്കാവസ്ഥയിൽശതമാനം കുട്ടികൾ .
- കെട്ടിടത്തിന്റെയും നിൽക്കുന്ന നിശ്ചിത പഠനാനുബന്ധ പ്രവർത്തനങ്ങൾ നടത്താനുള്ള വേദിയുടെ അഭാവം. സർഗാത്മക പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കാനുള്ള വേദിയുടെ അഭാവം.
- ലൈബ്രറിക്കു സയൻസ് ലാബിനും പ്രത്യേകം റൂം ഇല്ലാത്ത അവസ്ഥ.
- ഒരു ചെറിയ ശതമാനം കുട്ടികൾക്ക് നിലനിൽക്കുന്ന അനുചിതമായ കുടുംബ സാഹചര്യങ്ങൾ.

## <u>അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

- **കാവ്യോത്സവം**
- **റീഡേഴ്സ് തീയേറ്റർ (വായനയോടും പുസ്തകങ്ങളോടുമുള്ള താത്പര്യം കൂട്ടുന്നതിന്)**
- **സംയുക്ത ഡയറി (കുട്ടിയുടെ സ്വതന്ത്രരചനാശേഷി വികാസത്തിന് )**
- **കാവ്യ ആവിഷ്ക്കാരം**
- **പാട്ടരങ്ങ് ( ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു )**
- **സചിത്ര പുസ്തകം ( കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമാക്കി മാറ്റുന്നതിന്)**
- **ഹലോ ഗൈസ്**
- **ശാസ്ത്ര മൂല ( ശാസ്ത്ര പഠനത്തിൽ താൽപര്യം ഉണർത്താൻ )**
- **ഗണിത കേളി**
- **റീഡിങ്ങ് റെയിൻബോ (ഇംഗ്ലീഷ് വായന പരിപോഷണം)**
- **വായനയോടും പുസ്തകങ്ങളോടുമുള്ള താത്പര്യം കൂട്ടുന്നതിന്)**
- Story time spectacular
- Creative writing quest
- **പഠനോപകരണ ശില്പശാല**
- Speech master showcase (**ഇംഗ്ലീഷ് പ്രസംഗ പരിശീലനം)**
- **അറിവിന്റെ വിഹായസ്സിലേക്ക് (**science monthly quiz)
- ASPIRE ( LSS ,USS **പരിശീലന പരിപാടി)**
- **മീഠി ഹിന്ദി (ഹിന്ദിഭാഷയിൽ താല്പര്യം ഉണർത്താൻ )**
- **ഗണിത പൂക്കളം - നിർമ്മാണം**

# പൊതുലക്ഷ്യങ്ങൾ

ഭാഷ, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ആരോഗ്യകായികം, പ്രവൃത്തിപരിചയം, ടാലന്റ് ലാബ് എന്നിവയിലെ ശേഷി വികസനം

## മലയാളം

- പ്രൈമറി തലം കഴിയുമ്പോഴേക്കും മലയാള ഭാഷയിൽ അർത്ഥപൂർണ്ണമായി വായിക്കുവാനും എഴുതുവാനും എല്ലാ കുട്ടികൾക്കും കഴിയുന്നു. . നാലാം ക്ലാസ്സിലെ എല്ലാ കുട്ടികളും അക്ഷരത്തെറ്റില്ലാതെ മലയാള ഭാഷ കൈകാര്യം ചെയ്യുന്നു.
- ഏഴാം തരം കഴിയുമ്പോഴേക്കും എല്ലാ കുട്ടികൾക്കും ആശയ ഗ്രഹണത്തോട് കൂടി ഭാഷയിൽ എഴുതാനും വായിക്കാനും കഴിയുന്നു.
- ഭാഷാ വികസനത്തിനായി സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തുന്നു. വിവിധ സർഗാത്മക പ്രവർത്തനങ്ങളിലൂടെ (സർഗാത്മകത വളർത്താൻ) ഭാഷാ വികാസം സാധ്യമാക്കുന്നു.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിലെ ലളിതമായ വാക്യങ്ങൾ വായിച്ച് ആശയം ഗ്രഹിക്കാൻ പ്രൈമറിതലത്തിലെ കുട്ടികൾക്ക് കഴിയുന്നു. യൂ.പി തലത്തിൽ എല്ലാ കുട്ടികളും ആശയമുൾക്കൊണ്ട് ഇംഗ്ലീഷ് വായിക്കുന്നു.
- 3 മുതൽ 7 വരെയുള്ള കുട്ടികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ
- താത്പര്യം വളർത്തുന്നു.
- സർഗാത്മകപ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ നടത്തുന്നതിനുള്ള അവസര ങ്ങൾ സൃഷ്ടിക്കുന്നു.

## ഹിന്ദി

- യു.പി തലത്തിലെ എല്ലാ കുട്ടികളെയും ഹിന്ദി വായനയിലേക്ക് എത്തിക്കുന്നു.
- യുപി തലത്തിൽ എല്ലാ കുട്ടികളെയും ഹിന്ദി ഭാഷയിൽ സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാപ്തമാക്കുന്നു.

## ഗണിതം

- ഗണിതത്തിലെ അടിസ്ഥാന ശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പു വരുത്തുന്നു
- ഗണിത പഠനം ആകർഷകമാക്കുന്നു.

## ശാസ്ത്രം

- എൽ.പി, യു.പി തലങ്ങളിൽ ശാസ്ത്രം രസകരമാക്കുന്നതിനായി പരീക്ഷണകിറ്റുകളും ലാബ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നു. പാഠഭാഗങ്ങളിലെ ആശയങ്ങളുടെ വ്യക്തതക്കായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാൻ സഹായിക്കുന്നു.

## സാമൂഹ്യശാസ്ത്രം

- സാധ്യമായ ദിനാചരണങ്ങൾ അക്കാദമിക് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എൽ.പി കുട്ടികൾക്ക് അനുയോജ്യമായ Minor game, സിമ്പിൾ എക്സർസൈസ് എന്നിവ നൽകും.
- എല്ലാ കുട്ടികളിലും ശാരീരികക്ഷമത ഉറപ്പുവരുത്തുന്നതിനായി കായികക്ഷമത ടെസ്റ്റ് നടത്തുന്നു.
- കായിക മത്സരങ്ങളിൽ മികവ് കാണിക്കുന്നവരെ പ്രത്യേകം കണ്ടെത്തി പരിശീലിപ്പിക്കുന്നു.
- കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം.

## പ്രവൃത്തിപഠനം

- പഠനത്തോടൊപ്പം ചില നൈപുണികൾ കുട്ടികളിൽ വളർത്തുന്നു. (ഫയൽ നിർമ്മാണം, കൃഷി, ബുക്ക് ബൈൻഡിംഗ്)

## പ്രത്യേക ഊന്നലുകൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിയുള്ള പഠനപ്രവർത്തനങ്ങൾ.
- മാസത്തിലൊരിക്കൽ CPTA കൾ കോർണർ PTA എന്നിവ നടത്തുന്നു.
-

## ടാലന്റ് ലാബ്

- LP & UP ക്ലാസ്സിലെ പ്രതിഭാധനരായ കുട്ടികൾക്ക് മത്സരപരീക്ഷകൾ നേരിടാനുള്ള പരിശീലനം നൽകുന്നു.

"ഒരു വ്യക്തി പഠിച്ചാൽ മാത്രമേ സമൂഹത്തെ വികസിപ്പിക്കാനും മാറ്റാനുമായിരിക്കുക."
– Dr. A.P.J. Abdul Kalam
(Only a learned person can develop and transform society.)

# പ്രവർത്തന വിശദാംശങ്ങൾ

യു പി വിഭാഗം

## മേഖല – മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷിവികസനം.ആശയ സംവേദനംനടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെപ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>• പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾവിവിധ വ്യവഹാരങ്ങളിലൂടെ(കഥ,കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു. ഭാഷാകേളി<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>• വാക്കുകളിൽ നിന്നും വാക്യത്തിലേയ്.<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ - മാർച്ച് |
| 2 | • പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താ ലോകത്തേക്ക്<br>• ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | **ജൂൺ - മാർച്ച്** |
| 3 | • പഠിതാക്കളുടെ കലാവാസനകളെപരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയ വ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| **4** | • സാഹിത്യ കൃതികളോടും സാഹിത്യകാരോടും ഉള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | വാർത്താ വായന<br>• നവമാധ്യമങ്ങളുടെസഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>• അതാത് മാസത്തെ പ്രധാനസംഭവങ്ങൾ, ക്ലാസ്-സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു | **ജൂൺ - മാർച്ച്** |
| **5** | കുട്ടികളുടെ വ്യക്തിഗത രചനകളെ പരിപോഷിപ്പിക്കൽ | സംവാദം മുഖാമുഖം<br>• സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br>കത്തെഴുതൽ<br>• കുട്ടികളുടെ പ്രിയപ്പെട്ട പുസ്തകത്തിന്റെ രചയിതാവിന് ആ കൃതിയെ അഭിനന്ദിച്ചു കൊണ്ടുള്ള വിശദമായ കത്തെഴുതൽ | ജൂൺ - മാർച്ച് |
| **6** | • ഭാഷയുടെ ശരിയായ രൂപം കേൾക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കുക | • ക്ലാസ് റൂംപ്രവർത്തനങ്ങളിൽ നിന്ന് ലഭിക്കുന്ന മികവാർന്ന ഉൽപ്പന്നങ്ങൾ, കഥകൾ,കവിതകൾ, സ്കൂൾ വാർത്തകൾ,ചെറു നാടകങ്ങൾ എന്നിവ  പരിപാടികളിൽ ഉൾപ്പെടുത്തുന്നു | ജൂൺ - മാർച്ച് |

"വ്യക്തിത്വം നിർമ്മിക്കുന്നത് നല്ല വിദ്യാഭ്യാസം തന്നെയാണ്."
– Dr. A.P.J. Abdul Kalam
(Good education is what shapes character.)

"സത്യമായുള്ള പഠനമാണ്, അഥവാ ലോകത്തെ മാറ്റാനുള്ള യഥാർത്ഥ ശക്തി."
– Martin Luther King Jr.
(True learning is the real power to change the world.)

"പഠനത്തിന് പരിധി ഇല്ല. ജീവിതം മുഴുവൻ പഠിക്കാനാകും."
– Albert Einstein
(There are no limits to learning. One can learn throughout life.)

യു പി വിഭാഗം

# മേഖല – ഇംഗ്ലീഷ്

| No | Aim | Activity | Period |
|---|---|---|---|
| 1 | Ensure all students achieve grade level competencies in reading. | Story Time Spectacular: _ Listen and enjoy story telling with questions: Read a short story aloud and then asks the children questions about it to check their comprehension. Use fairy tales, fables and simple picture books. | June |
| 2 | Improve English language proficiency | Audio book with illustration: Use audio books that come with illustrated books. Children can<br>follow along with picture as they listen. | July |
| | | • Presentation of stories with voice modulation.<br>• Rhyming songs: Sing songs that have rhyming words repetitive phrases. | Once in a Term |
| 3 | Encourage expressive reading | Reading Rainbow<br>Book club discussion: Select a book for the group to read and discuss. Focus on themes, characters and catching parts. Improve English language proficiency | July |
| 4 | Increases children's vocabulary | Reader's theatre: _ Children can perform plays or dramatic reading of their favourite stories. This help to reading comprehension and expression. | August |
| | | Book reviews<br>Let them write and present book reviews to encourage critical thinking and articulate their opinion. | Once in a Term |
| | | Vocabulary games :_<br>Use games Uke scrambled, work search, cross word puzzle, spell bee etc. | Once in a Term |
| | | Book swap: _<br>Organize a book exchange where children bring books they have read and swap them with others. | Once in a Term |
| | | Role Play: _ Let children act out scenes from the story books. | September |
| 5 | Provide opportunity to listen and speak English language properly. | Speech contest: _<br>Host speech contests where members prepare and deliver speech on given topics. Provide constructive feedback on their performance. Select the best speakers from finale. | October |

| | | | |
|---|---|---|---|
| 6 | Encourages critical thinking | Debate session: _<br>Organise debate on various topics. Assign teams and rotate topics regularly. | Once in a Term |
| 7 | Increases children's vocabulary | Movie review: - Let them review the movies. Discussing plot, characters, theme and present opinions. This posters analytical thinking and public speaking. | Once in a Term |
| | | Interview practice: _<br>Pair members to conduct mock interviews. | November |
| | | Presentation practice: _ Allow children to prepare and present slides on topics of their interest using visual aids. | During The Day Celebrations |
| 8 | Enable to write English without error | Daily Journaling: - Encourage children to keep a daily journal where they can freely write about their day, thoughts and interests | Once in a Term |
| 9 | Increases confidence in the English Language | Role play<br>Provide creative writing prompts to stimulate their imagination. E.g.: Write about a day when you became invisible, Describe your perfect adventure. | January |
| | | Writing letters or Email Encourage children to write letters or emails to family members or friends | February |
| 10 | Increases confidence in the English language. | Interactive writing games Engage children in writing games like pass the story where each child adds a sentence to a story | February |
| | | Creating comics<br>Let children create their own comic stories. | At the end of Academic year |
| | | Writing contests Conduct writing contests for children like essay writing competition. | March |

"നമുക്ക് പരസ്പരം പഠിക്കാൻ എപ്പോഴും അവസരങ്ങളുണ്ടാകും"
– Mahatma Gandhi
(We will always have opportunities to learn from one another.)

## യു പി വിഭാഗം
## മേഖല – ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക. വായനാശീലം വളർത്തുക. | കഥ, കവിത,ചിത്രകഥ എന്നിവ ഉൾക്കൊള്ളുന്ന വായനാ കോർണർ സ്ഥാപിക്കുക. | ജൂൺ - നവംബർ |
| 2 | എഴുത്ത്:- എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | ക്ലാസ് കയ്യെഴുത്ത് മാഗസിൻ നിർമ്മാണം.കഥ, കവിത മുതലായവ ഉൾക്കൊള്ളുന്നവ. | ജൂൺ - നവംബർ |
| 3 | നിത്യ ജീവിതത്തിൽ ആവശ്യംവരുന്നത് ഹിന്ദിയിൽപരിചയ പ്പെടുത്തുക.. | ചെറിയ ചെറിയ നിർദ്ദേശങ്ങൾ ഹിന്ദിയിൽ നൽകി ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക. ഹിന്ദിയിൽ പ്രതികരിക്കാനാവശ്യമായ ഭാഷ പരിചയപ്പെടുത്തുക. | ഒക്ടോബർ - ഫെബ്രുവരി |

## യു പി വിഭാഗം
## മേഖല - ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാനശേഷി എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുന്നു. | ഓരോ ക്ലാസിലും പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാന ഗണിത ശേഷിയില്ലാത്ത കുട്ടികളെ കണ്ടെത്തുന്നു.<br>ഇത്തരം കുട്ടികൾക്ക് അനുയോജ്യമായ ഒരു ഗണിതമോഡ്യൂൾ വർഷാരംഭത്തിൽ തയ്യാറാക്കുന്നു. | ജൂൺ |
| 2 | സ്ഥാന വില ഉറപ്പിക്കൽ | സ്ഥാനവില പോക്കറ്റ് കളികൾ, കൂട്ടങ്ങൾ ആക്കൽ | ആവശ്യാനുസരണം |
| 3 | സംഖ്യാബോധം ഉറപ്പിക്കൽ | സംഖ്യകൾ ക്രമത്തിൽ ആക്കൽ ഇടക്കുള്ള സംഖ്യകൾ കണ്ടെത്തൽ വലുത്, ചെറുത് കണ്ടെത്തൽ , സംഖ്യാ കാർഡ് ഉപയോഗിക്കൽ ഗണിത കളികൾ സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതൽ, റോമൻ സംഖ്യകൾ | ആവശ്യാനുസരണം |

| | | | |
|---|---|---|---|
| 4 | ചതുഷ്ക്രിയ ഉറപ്പിക്കൽ | കച്ചവടം ,പ്രായോഗിക പ്രശ്നങ്ങൾ,മാന്ത്രിക ചതുരം,മനക്കണക്ക്,സ്ഥാനവില | ആഴ്ചയിൽ ഒരു പിരിയഡ് |
| 5 | ഗണിതത്തിൽ താൽപര്യം ജനിപ്പിക്കൽ | പാറ്റേൺ വിശകലനം , ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ , ഗ്രൂപ്പ് ആക്ടിവിറ്റി,ഗണിത ക്വിസ്,പസിൽ,ഗണിതം | മാസത്തിൽ ഒരുതവണ |
| 6 | പ്രശ്നാപഗ്രഥനം | നിത്യജീവിതവുമായി ബന്ധപ്പെട്ടപ്രായോഗിക പ്രശ്നങ്ങൾ.പരിഹരിക്കൽ, കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ.കുറണ്ട് ബില്ല് കുറയ്ക്കാനുള്ള സർവ്വേ. പാറ്റേൺ. | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |
| 7 | രൂപങ്ങൾ തിരിച്ചറിയൽ | ചുറ്റുപാടുമുള്ള വസ്തുക്കളെ തരംതിരിക്കൽ( ത്രികോണം,വൃത്തം, ചതുരം ), രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്തചിത്രങ്ങൾ ഉണ്ടാക്കൽ, നിറം കൊടുത്തു ഭംഗിയാക്കൽ, രൂപങ്ങൾ വരയ്ക്കൽ, രൂപങ്ങൾ ശേഖരിക്കൽ . | പാഠഭാഗങ്ങൾക്ക് അനുസരിച്ച് |
| 8 | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഗണിത ശില്പശാല :- പഠനോപകരണ നിർമ്മാണത്തിൽ നൈപുണ്യം നേടിയ അധ്യാപകരെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് ശില്പശാല സംഘടിപ്പിക്കൽ, ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ വിവിധരൂപങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം നൽകൽ, അവയുടെഗണിതസവിശേഷതകൾ. | ഒക്ടോബർ |
| 9 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ ടി സാധ്യതകളിലൂടെ പാഠഭാഗങ്ങൾ വിശദീകരിക്കുന്നതിന് .ഐ സി ടിസാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.ജിയോജിബ്ര ഉപയോഗിച്ച്ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, ചതുഷ്ക്രിയകൾഗണിത ലാബ്വിദ്യാലയത്തിലെ ഒരു മുറിയിൽഗണിത ലാബ് സജ്ജമാക്കൽ. | പാഠഭാഗങ്ങൾക്ക് അനുസരിച്ച് ആവശ്യാനുസരണം |

## യു പി വിഭാഗം

# മേഖല - ശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ശാസ്ത്രാശയങ്ങൾ രസകരമായി കുട്ടികൾ സ്വാംശീകരിക്കുന്നു. | ലാബ് ശാക്തീകരണം,ഓരോ യൂണിറ്റിലെയും പരീക്ഷണ സാധ്യതയുള്ള ഭാഗങ്ങൾ അക്കാദമിക വർഷാരംഭത്തിൽ തന്നെകണ്ടെത്തുന്നു.ഓരോ യൂണിറ്റുമായും ബന്ധപ്പെട്ടപഠനോപകരണങ്ങൾ ലിസ്റ്റ്ചെയ്യുന്നു. അവ നിർമ്മിക്കുന്നതിന് ആവശ്യമായസാധന സാമഗ്രികൾതയ്യാറാക്കുന്നു.പരീക്ഷണം,നിരീക്ഷണം,നിഗമനത്തിൽ എത്തിച്ചേരൽ, കുറിപ്പ് തയ്യാറാക്കൽ, നിത്യ ജീവിതവുമായിബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ, സമാനമായ മറ്റ് പ്രവർത്തനങ്ങൾ കണ്ടെത്തൽ | ജൂൺ - മാർച്ച് |
| 2 | ശാസ്ത്ര പഠനം ICT സാധ്യതകളിലൂടെ | പാഠഭാഗങ്ങളുടെ വിശദമായ ICTവിഭവങ്ങൾ കണ്ടെത്തുക, Projector ഉപയോഗിച്ച്പ്രദർശിപ്പികുന്നു കുട്ടികൾക്ക്ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട റീൽസ്,അവസരംനൽകുന്നു. | ജൂൺ - മാർച്ച് |
| 3 | പഠനത്തിനാവശ്യമായ ഫീൽഡ് ട്രിപ്പ് | പാഠഭാഗങ്ങളുമായിബന്ധപ്പെട്ടകാര്യങ്ങൾ കൂടുതൽഅറിയുന്നതിനായി ഫീൽഡ്ട്രിപ്പുകൾ നടത്തുന്നു. ഫീൽഡ് ട്രിപ്പിന്റെമികച്ചവ തിരഞ്ഞെടുത്ത്അനുഭവക്കുറിപ്പുകളിൽ നിന്നുമ്മാനങ്ങൾ നല്കുന്നു. | ജൂൺ - മാർച്ച് |
| 4 | ജിജ്ഞാസയുണർത്താൻ ശാസ്ത്ര മാജിക്കുകൾ | രസകരമായി ചെയ്യാവുന്ന ശാസ്ത്രപരീക്ഷണങ്ങൾ മാജിക്കിന്റെരൂപത്തിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് |
| 5 | നൂതനാശങ്ങൾ അറിയുന്നതിലൂടെ മികവ് ഉറപ്പ് വരുത്തുന്നു. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കവിസ്, കുറിപ്പ് വായന എന്നിവനടത്തുന്നു.Monthly Quiz നടത്തിവിജയികളെതിരഞ്ഞെടുക്കുന്നു. | ജൂൺ - മാർച്ച് |

"വിദ്യാഭ്യാസം ഒരു ജനതയുടെ സംസ്കാരത്തിന്റെയും മൂല്യങ്ങളുടെയും അടിത്തറയാണ്."
– Abdul Kalam
(Education is the foundation of the culture and values of a nation.)

യു പി വിഭാഗം

## മേഖല – സാമൂഹ്യശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | നേരിട്ടുള്ള പഠനത്തിനാവശ്യമായ ഫീൽഡ് ട്രിപ്പ് | പാഠഭാഗങ്ങളുമായിബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽഅറിയുന്നതിനായി ഫീൽഡ്ട്രിപ്പുകൾ നടത്തുന്നു. ഫീൽഡ് ട്രിപ്പിന്റെ അനുഭവക്കുറിപ്പുകളിൽ നിന്ന്മികച്ചവ തിരഞ്ഞെടുത്തുസമ്മാനങ്ങൾ നല്കുന്നു. | ജൂൺ - മാർച്ച് |
| 2 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക്:_ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിന് വ്യത്യസ്തമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ |
| 3 | ജനാധിപത്യപരമായ സമീപനം രൂപപ്പെടുത്തുക | 5 6 7 ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട വേറിട്ടപ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം പതിപ്പ്നിർമ്മാണം,ക്വിസ് മത്സരം പുരാവസ്തുപ്രദർശനം,പ്രസംഗമത്സരങ്ങൾമുതലായവ. | ജൂലൈ - ഓഗസ്റ്റ് |
| 4 | സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാവുകൾ തണ്ണീർ തടങ്ങൾ, കണ്ടൽക്കാടുകൾ ജലാശയങ്ങൾ എന്നിവ സന്ദർശിച്ചത് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | സെപ്റ്റംബർ - ഒക്ടോബർ |
| 5 | പ്രകൃതി ദുരന്തങ്ങളെ കുറിച്ച്മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽഏർപ്പെടാൻകുട്ടികളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുന്നതിന് ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളെ ബോധവാന്മാർ ആക്കുകയും ചെയ്യുന്നു. | നവംബർ - ഒക്ടോബർ |

| | | | |
|---|---|---|---|
| 6 | സാമൂഹ്യശാസ്ത്ര ത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ ഇവപരിശോധിക്കൽ, നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക്സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട്കുട്ടികളുടെ മുന്നറിവ്പരിശോധിക്കുന്നതിന് വ്യത്യസ്തമായപ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ |
| 7 | ജനാധിപത്യപരമായ സമീപനംരൂപപ്പെടു ത്തുക | 5 6 7 ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട വേറിട്ടപ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങളുടെപ്രദർശനംപ തിപ്പ്നിർമ്മാണം,ക്വിസ്മത്സരം പുരാവസ്തുപ്രദർശനം,പ്രസംഗമ ത്സരങ്ങൾമുതലായവ. | ജൂലൈ - ഓഗസ്റ്റ് |
| 8 | വിവരസാങ്കേതിക വിദ്യയുടെദുരുപ യോഗങ്ങളെക്കുറി ച്ചുംക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറ ച്ചുംറോഡ്സുരക്ഷയെ പ്പറ്റിയും കുട്ടികളെ ബോധവാന്മാരാക്കു ന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർസുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കുംറോഡ്സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണക്ലാസുകൾന ടത്തുന്നു.സാമൂഹികപ്രസക്തി യുള്ളവിഷയങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ പ്രൊജക്റ്റ് വർക്കുകൾ എന്നിവ നൽകുന്നു. | ജനുവരി- ഫെബ്രുവരി |
| 9 | കുട്ടികളിലെ അന്വേഷണാത്മകത. | സാമൂഹികപ്രസക്തിയുള്ള വിഷയങ്ങളുമായിബന്ധപ്പെട്ട സെമിനാറുകൾ പ്രൊജക്റ്റ് വർക്കുകൾ എന്നിവ നൽകുന്നു. | ജനുവരി- ഫെബ്രുവരി |

"വിദ്യാഭ്യാസം മനുഷ്യന് പ്രകാശം തരുന്നു."
– Sarvepalli Radhakrishnan
(Education gives light to human beings.)

## യു പി വിഭാഗം

## മേഖല – കലാപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | കുട്ടികളിലെ നൈസർഗികമായ കലാവാസനകളെ പ്രോത്സാഹിപ്പിക്കുക . ഭിന്നശേഷിയുള്ള കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ തൽപരരാക്കുക | കലാ പഠന പിരീഡുകളിൽ വിവിധ വിഷയങ്ങൾ നൽകി ചിത്രരചനകൾ നടത്തുന്നു. വരയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു, ഈ കുട്ടികളെ ഉൾപ്പെടുത്തി ഗ്രൂപ്പ് രൂപീകരിക്കുന്നുഇവർക്ക് തുടർച്ചയായ പരിശീലനം നൽകുന്നു, ചിത്രരചന ക്യാമ്പ് സംഘടിപ്പിക്കുന്നു ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികളുടെ ചിത്രങ്ങൾ സ്കൂളിൽ പ്രദർശിപ്പിക്കുന്നു, മികവ് തെളിയിക്കുന്നവരെ മേളകൾക്ക് തയ്യാറാക്കുന്നു | ജൂൺ - മാർച്ച് |

## യു പി വിഭാഗം

## മേഖല – പ്രവൃത്തിപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | സമൂഹത്തിന് പ്രയോജനപ്രദമായ സേവനങ്ങളിലേക്ക് ഉത്പന്ന നിർമ്മിതിയിലേക്ക് കുട്ടികളെ നയിക്കുക | കുട്ടികൾക്ക് ആവശ്യമായ ഫയൽ നിർമ്മാണം , കുട്ടികളെ ഗ്രൂപ്പ് ആക്കുന്നു.ഫയൽ നിർമ്മാണത്തിന് ആവശ്യമായ മാർഗനിർദേശങ്ങളും പരിശീലനവും നൽകുന്നുനിർമ്മിച്ച ഫയൽ കുട്ടികൾ പോർട്ട്ഫോളിയോ ആയി ഉപയോഗപ്പെടുത്തുന്നു | ജൂൺ |
| 2 | പഠനത്തോടൊപ്പം തൊഴിൽ നൈപുണികൾ കൂടി കരസ്ഥമാക്കുക | നോട്ടുപുസ്തക നിർമ്മാണം ,തയ്യൽ പരിശീലനം,ഫ്രൂട്ട് സലാഡ് തയ്യാറാക്കൽ | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| | | ശുചീകരണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നു. അതിനാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു , ശുചീകരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് സഹായകമായ ബോധവൽക്കരണം നടത്തുന്നു. | |
| 3 | സമൂഹത്തിന് പ്രയോജനപ്രദമായസേവനങ്ങളിലേക്ക് ഉത്പന്ന നിർമ്മിതിയിലേക്ക് കുട്ടികളെ നയിക്കുക. | ചുറ്റുപാടിൽ നിന്നും കിട്ടുന്ന വിഭവങ്ങൾ ഉപയോഗിച്ച് സ്വന്തമായി ഭക്ഷണം ഉണ്ടാക്കാൻ പ്രാപ്തരാക്കുക പാചകക്കുറിപ്പുകൾ തയ്യാറാക്കുന്നു സ്വന്തമായി പച്ചക്കറിത്തോട്ടം നിർമ്മിക്കൽ ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം പൂക്കൾ തോരണങ്ങൾ എന്നിവയുടെ നിർമ്മാണം ചിരട്ട തെങ്ങോല മുള തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് അലങ്കാരവസ്തുക്കളും കൗതുക വസ്തുക്കളും നിർമ്മിക്കുക പ്ലാസ്റ്റർ ഓഫ് പാരീസ് പേപ്പർ വേസ്റ്റ് തുടങ്ങിയവ കൊണ്ടുള്ള അലങ്കാരവസ്തു നിർമ്മിക്കുക | ജൂൺ - മാർച്ച് |
| 4 | സമൂഹത്തിന് പ്രയോജനപ്രദമായ സേവനങ്ങളിലേക്ക് ഉത്പന്ന നിർമ്മിതിയിലേക്ക് കുട്ടികളെ നയിക്കുക. | ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള പഠനോപകരണ നിർമ്മാണം ശാസ്ത്രമേളയ്ക്കുള്ള പരിശീലനം തൊഴിൽശാല സന്ദർശനം അസംസ്കൃത | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| | | വസ്തുക്കൾ ചെയ്യുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും അതുവഴി മാനസികോല്ലാസവും കുട്ടികളിൽ വളരുന്നു | |
| | | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി മെഡിസിൻ കവർ നിർമാണം, എൻവലപ്പ് നിർമ്മാണം, പേപ്പർ നിർമ്മാണം എന്നിവയുടെ പരിശീലനം. | |
| 5 | കുട്ടികൾക്ക് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി പ്രവർത്തി സമയങ്ങൾ ആഹ്ലാദകരവും ഉത്സാഹപ്രതവും ആക്കുക ഇതിലൂടെ അക്കാദമിക ഉയർച്ച കൈവരിക്കുക | ദീർഘകാല പദ്ധതികൾ വിദ്യാലയത്തിൽ സംഗീതം, നൃത്തം കരാട്ടെ യോഗ തുടങ്ങിയ വ്യത്യസ്ത വിഷയങ്ങൾക്കായി ഓരോ പ്രത്യേക ഹാളുകൾ സജ്ജമാക്കുക. | ജൂൺ - മാർച്ച് |
| | | ഓരോ മേഖലകളിലും താൽപര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു . ആഴ്ചയിൽ രണ്ടുദിവസം രാവിലെ ഒരു മണിക്കൂർ വീതം പരിശീലനങ്ങൾക്കായി നീക്കിവെക്കുന്നു. | |

"വിദ്യാഭ്യാസം മാത്രമേ സമൂഹത്തിന്റെ പുരോഗതി സൃഷ്ടിക്കുകയുള്ളൂ"
– Jawaharlal Nehru
(Only education can create progress in society.)

## യു പി വിഭാഗം

## മേഖല – കായികപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | കായിക പഠനത്തിലൂടെയും പരിശീലനത്തിലൂടെയും കുട്ടികളിൽ ആരോഗ്യശീലങ്ങൾ വളർത്തുന്നതിന് | PET പിരീയഡുകൾ ഗ്രൗണ്ടിൽകൊണ്ടുപോവുന്നു . ചെറിയ കായിക വിനോദങ്ങൾമത്സരങ്ങളായി നടത്തുന്നു. • കായികമത്സരങ്ങളിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തിപ്രത്യേക പരിശീലനം നൽകുന്നു.• വിവിധ വ്യായാമ പ്രവർത്തനങ്ങളിലൂടെ കായികക്ഷമത കൈവരിക്കാനുള പ്രവർത്തനങ്ങിലേർപ്പെടുന്നു. | ജൂൺ - മാർച്ച് |
| 2 | വിവിധ കായികയിനങ്ങളെക്കുറിച്ചുഅറിയുന്നതിന് | വിവിധ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.. ഓരോ സ്റ്റാൻഡേർലിലും ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് |

"ഒരു ജനതയുടെ പുരോഗതി, അവരുടെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തിൽ കാണാം."
– Nelson Mandela
(The progress of a nation is reflected in the quality of its education.)

"നിങ്ങളുടെ സ്വപ്നങ്ങളെ പിന്തുടരുക, ആരും നിങ്ങളെ സ്വയം നിശ്ചയിക്കാൻ അനുവദിക്കരുത്."
– Steve Jobs
(Follow your dreams, never let anyone tell you how to live your life.)

# പ്രവർത്തന വിശദാംശങ്ങൾ

## എൽ പി വിഭാഗം

### മേഖല – മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | എല്ലാ കുട്ടികളും സ്വതന്ത്രമായി വായിക്കുന്നതിനും കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി വായിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന്. | • ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• വായനാ കാർഡുകൾ നൽകൽ<br>• പ്രാദേശികലൈബ്രറിയിൽഅംഗത്വം എടുക്കൽ<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• പുസ്തകപരിചയം<br>• റീഡേഴ്സ് തിയേറ്റർ<br>• വായന ഉത്സവം<br>• പത്രവായന<br>• വായനാ മത്സരങ്ങൾസംഘടിപ്പിക്കൽ<br>• ,മാഗസിൻ വായന<br>• ആനുകാലിക വായന<br>• ഇ-വായന<br>• വായന അനുഭവം പങ്കുവെക്കൽ | ജൂൺ - മാർച്ച് |
| 2 | എല്ലാ കുട്ടികളും സ്വതന്ത്രമായി വായിക്കുന്നതിനും കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി വായിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന്.കാഴ്ചകളും സർഗാത്മകമായി വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നതിന്. | • കഥാരചന<br>• കവിത രചന<br>• സർഗാത്മക ഡയറി<br>• പത്രവാർത്ത തയ്യാറാക്കൽ<br>• കയ്യെടുത്തു മാസിക<br>• ചുമർ പത്രികതയ്യാറാക്കൽ<br>• യാത്രാവിവരണം<br>• വർണ്ണന തയ്യാറാക്കൽ<br>• ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>• കഥ പൂർത്തിയാക്കൽ<br>• അനുഭവക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| 3 | നാലാം തരത്തിലെ കുട്ടികൾ പാഠപുസ്തകത്തിലെ കവിതകൾക്ക് പുറമേ പുതിയ പാട്ടുകൾ, കവിതകൾ വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവതരിപ്പിക്കുന്നതിനും താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് | • താളം തിരിച്ചറിയൽ<br>• കാവ്യോത്സവം<br>• നാടൻ വാദ്യോപകരണ നിർമ്മാണവും പ്രയോഗവും<br>• കെട്ടിപ്പാട്ട്<br>• പാട്ടരങ്ങ് | ജൂൺ മുതൽ വേണ്ട സന്ദർഭങ്ങളിൽ |
| 4 | കവിതകൾ പാട്ടുകൾ എന്നിവയുടെ ആശയം ദൃശ്യാവിഷ്കാരം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവികരിക്കുന്നതി | കാവ്യാവിഷ്കാരം | ജൂൺ രണ്ടാം വാരം മുതൽ യൂണിറ്റ് ഉടനീളം |
| 5 | മലയാള സാഹിത്യത്തിൽ കൂടുതൽ അറിയുന്നതിനും സാഹിത്യകാരന്മാരുടെ പങ്കുതിരിച്ചറിയുന്നതിനും. | എഴുത്തുകാരെപരിചയപ്പെടാം<br>സാഹിത്യകാരന്മാരുടെ ജന്മദിനം ചരമദിനം തുടങ്ങിയദിനാചരണങ്ങൾ സംഘടിപ്പിക്കൽ .<br>പാഠഭാഗങ്ങളിലെഎഴുത്തുകാരെഅടുത്തറിയാം<br>സാഹിത്യ ക്വിസ്<br>പുസ്തകപരിചയം<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ ആരംഭം . |

"ശക്തനായ മനുഷ്യന്റെ വിജയത്തിന്റെ രഹസ്യം, സങ്കടങ്ങൾ അതിജീവിക്കാൻ ഉള്ള കഴിവിലാണ്."

– Anonymous

(The secret to a strong person’s success lies in the ability to overcome hardships.)

## എൽ പി വിഭാഗം

## മേഖല – ഇംഗ്ലീഷ്

| No | Aim | Activity | Period |
|---|---|---|---|
| 1 | Simple words, simple .sentences, add more lines, description make sure these are in the children | • Simple words introducing provide picture cards, gives a familiar magic picture card.<br>• Enjoy songs and sing them with rhythm and action.<br>• Read and write simple words card and simple sentence<br>Provide picture card reading card | June-September |
| 2 | Develop the skills of listening, Speaking, Reading and Writing. | Conduct assembly in English. | Throughout the year |
| 3 | To speak, read and write English without making any mistakes Empowering reading ability. | • Introduces simple picture description,<br>• word chain,<br>• sentence chain, make words<br>• Write diary daily<br>• Organising reader corner<br>• Writing reading notes<br>• Providing material relating Hello English | Throughout the year |
| 4 | An opportunity to speak English with confidence | Let's talk - interacting with the talented<br>English Balasabha<br>Reading competition, writing competition,<br>Presenting skills etc. | Throughout the year |

"കഠിനാധ്വാനം ഒരിക്കലും പിഴവായി പോകുന്നില്ല."
– Anonymous
(Hard work never goes in vain.)

# എൽ പി വിഭാഗം
# മേഖല – പരിസരപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക | • പ്രകൃതി നടത്തം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>• പ്രകൃതി നിരീക്ഷണത്തിലൂടെ വിവിധപക്ഷികൾഅവയുടെശബ്ദം പ്രത്യേകതകൾമനസ്സിലാക്കുന്നു<br>• ഐസിടി മുഖേന പാഠഭാഗവുമായിബന്ധപ്പെട്ട ഇത്തരം പ്രവർത്തനങ്ങൾ കാണാൻ അവസരം | ജൂൺ |
| 2 | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ | • ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• ലഘുപരീക്ഷണങ്ങൾസംഘടിപ്പിക്കൽ പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കാൻ<br>• ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീടിനകത്തും | വർഷം മുഴുവൻ |
| 3 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം,പഠനോപകരണം, പരീക്ഷണംഎന്നിവയുടെ പ്രദർശനം | ജൂൺ - ഫെബ്രുവരി |
| 4 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ഒരു ദിവസം |
| 5 | ഭൂപട വായന സൂചിക - പരിചയം | ഭൂപട രചന, സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് |
| 6 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനംകാലയളവ് | വർഷത്തിൽ ഒന്ന് |

# എൽ പി വിഭാഗം
## മേഖല – ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • കുട്ടികളിൽ പിന്നോക്കമായി കാണുന്ന പഠന നേട്ടങ്ങൾകണ്ടെത്തുന്നു<br>• പ്രീ ടെസ്റ്റ് മൂല്യനിർണയം റിപ്പോർട്ട്SRG യിൽ അവതരിപ്പിക്കുന്നു. മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ (കൂട്ടങ്ങളാക്കാൻ സങ്കലനം വ്യവകലനം ഗുണനം ഹരണം )വർക്ക് ഷീറ്റ് നൽകാൻ ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ - ആഗസ്റ്റ് |
| 2 | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ,വിവിധ ഉൽപ്പന്നങ്ങളുടെനിർമ്മാണം.ചുറ്റുപാടുമുള്ള ഗണിത രൂപങ്ങളെ പരിചയപ്പെടുത്തുന്നുഗണിത ചുമർ ഒരുക്കൽഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ |
| 3 | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ,വിവിധ ഉൽപ്പന്നങ്ങളുടെനിർമ്മാണം.ചുറ്റുപാടുമുള്ള ഗണിത രൂപങ്ങളെ പരിചയപ്പെടുത്തുന്നുഗണിത ചുമർ ഒരുക്കൽഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ |
| 4 | ഗണിത ചിന്താശേഷി വളർത്തൽ | കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ പ്രശ്നോത്തരി | വർഷം മുഴുവൻ |

The End